ഭൂമിയിൽ ആദ്യമായി അനീതി ചെയ്തത് ഖാബീൽ. ആദിപിതാവിന്റെ ആദ്യസന്താനം. സഹോദരൻ ഹാബേലിന്റെ പെണ്ണിനെ അവന് കിട്ടണമെന്ന വാശിയായി.

നേർക്കുനേരെ കിട്ടുകയില്ല. ചോദിച്ചാലും രക്ഷയില്ല. പിന്നെ കണ്ട മാർഗമാർഗമായിരുന്നു കടുംകൈ ചെയ്യൽ.

അതവൻ ചെയ്തു.

ഭൂമിയിലെ ആദ്യത്തെ കൊലപാതകം. അനർഹയായ ഒരു പെണ്ണിനു വേണ്ടി.

നീതിയായിരുന്നില്ല അത്.

മനുഷ്യൻ ചിലപ്പോൾ അങ്ങനെയാണ്. പക്ഷേ, അവന് മറ്റൊരു മുഖവുമുണ്ട്. നീതിക്കു വേണ്ടിയുള്ള സമരത്തിന്റേതാണത്. അനീതിക്കെതിരെയുള്ള പോരാട്ടത്തിന്റെ മുഖം.

മനുഷ്യലോകത്തിന്റെ മാത്രം പ്രത്യേകതയാണിത്.

വിധിക്കുമ്പോൾ......

അളന്നും തൂക്കിയും കൊടുക്കുമ്പോൾ......

സംസാരിക്കുമ്പോൾ......

ഇടപാടുകൾ നടത്തുമ്പോൾ......

ചെലവഴിക്കുമ്പോൾ......

എല്ലായിടത്തും അവൻ നീതി പ്രതീക്ഷിക്കുന്നു. താൻ കബളിപ്പിക്കപ്പെടുന്നത് അവന് അസഹ്യം. തനിക്ക് നീതി നിഷേധിക്കപ്പെടുന്നേടത്ത് അവൻ ക്രുദ്ധനാകും.

മനുഷ്യരുടെ ഇടപാടുകളിൽ ഉയർന്നു നിൽക്കുന്ന ഗുണമാകുന്നു നീതി.

മനസ്സിൽ തട്ടുന്ന ശക്തവും എന്നാൽ ലളിതവുമായ വാക്കാകുന്നു നീതി. നീതി പുലരുന്ന ഒരു ലോകം എല്ലാവരുടെയും അഭിലാഷമാകുന്നു. അനീതിയെ അവർ വെറുക്കുന്നു.

നിങ്ങൾക്കോ ബന്ധുക്കൾക്കോ എതിരായാൽ പോലും നിങ്ങൾ നീതിക്കു വേണ്ടി നില കൊള്ളണമെന്ന് ഖുർആൻ കൽപിച്ചു.

അവകാശങ്ങൾ പരസ്പരം കവർന്നു തിന്നുന്നതിനു നിങ്ങൾ തർക്കവുമായി ജഡ്ജിയെ സമീപ്പിക്കരുത് – ഖുർആൻ ശാസിച്ചു.

മനുഷ്യബന്ധങ്ങളുടെ സംതുലനം നീതിയെ ആശ്രയിച്ചാണ്. അത് പരിപൂർണമായി പാലിക്കുവാനും നടപ്പിലാക്കുവാനും മനുഷ്യന് സാധിക്കുകയില്ല. പണ്ട് നീതിമാനായ ഒരു ഭരണാധികാരിയുണ്ടായിരുന്നു. അത് ഇന്ന് കഥ. നീതിനിഷേധം ഇന്ന് ഒരു വിഷയമല്ല. അതു മാത്രമേ നടക്കുന്നുള്ളു.

ഭൗതികലോകം പരിപൂർണ നീതി ലഭിക്കുന്ന സ്ഥലമല്ല. ഇവിടെ അതിന് പരിധിയുണ്ട്. പത്തു പേരെ കൊന്നവനും ഒരാളെ കൊന്നവനും ലഭിക്കുന്ന ശിക്ഷ ഒന്നല്ലേ?

ഗുണകാംക്ഷയാണ് നീതിയുടെ മാനദണ്ഡം. അതില്ലെങ്കിൽ അനീതിക്കെതിരെയുള്ള സമരത്തിന് പ്രസക്തിയില്ല.

നന്മ ചെയ്യുവാനും നീതിയോടെ വർത്തിക്കുവാനും മനുഷ്യരോട് ദൈവം കൽപിച്ചു.

നീതി ഇടപാടുകളിൽ പരിമിതമായാൽ പോരാ. ജീവിതത്തിന്റെ എല്ലാ മേഖലകളോടും നീതി പുലർത്താനുണ്ട്.

ശരീരാവയവങ്ങളോട് നീതി ചെയ്യുവാനുണ്ട്.

ശരീരത്തിന് ആവശ്യമായ ഭക്ഷണവും വിശ്രമവും നൽകുക.....

ശരീരത്തിന് ഹാനികരമായ പദാർഥങ്ങൾ വർജിക്കുക.....

ജീവിതത്തിൽ കൃത്യനിഷ്ഠ പാലിക്കുക.....

അപകടമുണ്ടാകുന്ന രംഗങ്ങളിൽ നിന്ന് മാറി നിൽക്കുക......

രോഗാവസ്ഥയിൽ പരിചരണം.....

ഇതൊക്കെ ശരീരത്തോട് ചെയ്യുന്ന നീതിയാകുന്നു.

മനുഷ്യരോടുമുണ്ട് നീതി.

ബന്ധങ്ങൾ നന്നാക്കുക, അവകാശങ്ങൾ വകവെച്ചു കൊടുക്കുക, മാന്യമായി പെരുമാറുക, മറ്റുള്ളവരുടെ അഭിമാനത്തിനും ശരീരത്തിനും സ്വത്തിനും ദോഷമുണ്ടാക്കുന്ന സമീപനത്തിൽ നിന്നും പ്രവൃത്തികളിൽ നിന്നും അകന്നുനിൽക്കുക..... ഇതൊക്കെ മനുഷ്യരോട് ചെയ്യുന്ന നീതിയാകുന്നു.

ധർമത്തോടും നീതി പുലർത്താനുണ്ട്.

ഏതെങ്കിലും ഒരു ധർമത്തിൽ വിശ്വസിക്കുന്നവരാണെല്ലാവരും. താൻ വിശ്വസിക്കുന്ന മത ധർമ സംസ്കാരങ്ങളുടെ അനുശാസനകളനുസരിച്ചു ജീവിക്കലാണ് ഓരോരുത്തന്റെയും

ബധ്യത. അതത്രെ ധർമങ്ങളോട് ചെയ്യുന്ന നീതി. ദേഹേച്ഛക്ക് വിധേയമായി കർമം ചെയ്യുന്നത് ധർമങ്ങളോടുള്ള അനീതിയാകുന്നു.

ദൈവത്തോടുമുണ്ട് നീതി.

ദൈവത്തിൽ വിശ്വസിക്കുകയും അവന് കീഴ്‌വണങ്ങി ജീവിക്കലുമാണ് അവനോടുള്ള നീതിയിൽ പ്രധാനം. മനുഷ്യരെ ദൈവം വെറുതെ സൃഷ്ടിച്ചതല്ല. കുറെ ഉത്തരവാദിത്തങ്ങൾ അവർക്ക് അവൻ നൽകിയിട്ടുണ്ട്. അവ നിർവഹിച്ചു ജീവിക്കുകയാണ് മനുഷ്യരുടെ ഉത്തരവാദിത്തം. ദൈവശാസനകൾ മനുഷ്യർക്ക് മൊത്തത്തിലുള്ളതാണ്. തങ്ങളുടെ ജീവിതത്തിൽ അവ പാലിക്കുകയാണ് ദൈവത്തോട് ചെയ്യുന്ന രണ്ടാമത്തെ നീതി.

പ്രകൃതിയോടുമുണ്ട് നീതി.

മനുഷ്യരുടെ ജീവിതം, ആരോഗ്യം എന്നിവയുടെ സംതുലനം സാധിക്കണമെങ്കിൽ പ്രകൃതിയോടുള്ള ബാധ്യതകൾ യഥാവിധം നിർവഹിക്കണം. പ്രകൃതിയെ നശിപ്പിക്കുന്നത് മനുഷ്യജീവിതത്തെ നിശിപ്പിക്കും.

പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ളതാണ് മനുഷ്യപുരോഗതി. അതിന്റെ വില നാം നൽകേണ്ടിവരുന്നുണ്ട്. പ്രകൃതിയെ സംരക്ഷിക്കുകയത്രെ പ്രകൃതിയോടു നമുക്ക് ചെയ്യാനുള്ള നീതി.

രണ്ട് കാര്യങ്ങളാണ് നീതിയിലുള്ള യുക്തി. പരസ്പരമുള്ള അവകാശങ്ങളിലെ സംതുലനം. അവകാശപാലനത്തിലൂടെ ബന്ധങ്ങളുടെ നിലനിൽപ്.

നീതിയിൽ അധിഷ്ഠിതമായി ജീവിക്കുക. വ്യക്തിയുടെയും സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും ബാധ്യത അതാകുന്നു.

നീതി പുലരേണ്ട ഒന്നാമത്തെ മേഖല മനസ്സാകുന്നു. മനസ്സ് നീതിപൂർണമാണെങ്കിൽ ജീവിതം ശുദ്ധമായിരിക്കും. അവിടെ നീതിബോധമില്ലെങ്കിൽ എവിടെയും അനീതിയായിക്കും.

രണ്ടാം സ്ഥാനം സമൂഹമാകുന്നു. സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങളിൽ നമ്മുടെ തീരുമാനം അക്രമപരമായതോ അഴിമതിയോ അന്യായമോ പക്ഷപാതമോ അനീതിയോ ആകാതിരിക്കുകയാണ് പ്രധാനം. സത്യത്തിനും ധർമത്തിനും നന്മക്കും ഇണങ്ങുന്നതായിരിക്കണം അത്.

സാമൂഹ്യനീതിക്ക് പാരസ്പര്യത്തിന്റേതായ മുഖമുണ്ട്. വിദ്യാർഥിയും അധ്യാപകനും തമ്മിൽ, തൊഴിലുടമയും തൊഴിലാളിയും തമ്മിൽ, ഡോക്ടറും രോഗിയും തമ്മിൽ, നേതാവും നീതനും തമ്മിൽ, പിതാവും മക്കളും തമ്മിൽ.... ഇവരൊക്കെ ഈ പാരസ്പര്യത്തിൽ കണ്ണികളാകുന്നു.

നീതി പുലരേണ്ട മൂന്നാമത്തെ മേഖല കുടുംബമാകുന്നു. കുട്ടികൾ, ഭാര്യ, ഭർത്താവ്, മാതാപിതാക്കൾ തുടങ്ങിയവർ ചേർന്നതാണ് ഒരു കുടുംബം. അവരോടുള്ള ഉത്തരവാദിത്തം യഥാവിധം നിർവഹിക്കണം. ആവശ്യമായ സംരക്ഷണം നൽകണം. സ്നേഹവും കാരുണ്യവും നൽകണം. ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കണം. അവകാശങ്ങൾ പരസ്പരം വകവെച്ചു കൊടുക്കണം. മക്കൾക്കിടയിൽ പക്ഷപാതിത്തം കാണിക്കരുത്. ഇതാണ് കുടുംബരംഗത്തെ നീതി. സന്തോഷവും ഐശ്വര്യവുമുള്ള കുടുംബത്തിന് പരസ്പര സ്നേഹവും നീതിയും അനിവാര്യമാകുന്നു.

നീതിയല്ലാതെ എന്തു ചെയ്താലും അവ അക്രമമായി മാറും. അതത്രെ നീതി.